**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1817** **29-09-2025 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഗവൺമെന്റ് കോളേജിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | പെരിങ്ങോം ഗവ.കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ KITCO സമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായാണ് 2021 ൽ കിഫ്ബി 9.27 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നത്. എന്നാൽ അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കാനുള്ള സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് KITCO-യുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള മറ്റൊരു സ്ഥലം കണ്ടെത്തുകയും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടിയും വന്നു. ടി കാരണത്താലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബി 16.37 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം തേടിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പെരിങ്ങോം ഗവ.കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ KITCO സമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായാണ് 2021 ൽ കിഫ്ബി 9.27 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നത്. എന്നാൽ അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കാനുള്ള സാധ്യതയുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് KITCO-യുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള മറ്റൊരു സ്ഥലം കണ്ടെത്തുകയും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടിയും വന്നു. ടി കാരണത്താലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബി 16.37 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയ്ക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം തേടിയിരിക്കുകയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിന് ശേഷം വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ